# വചന വിചിന്തനം

## മൂന്നാം ഞായർ

### ലൂക്കാ 1,57-66

**യോഹന്നാൻ എന്നാണ് അവൻെറ പേര്.**

ദൈവം നൽകുന്ന ദാനങ്ങളെ ദൈവത്തിന്റെ പേരിൽ അറിയപ്പെടാൻ അനുവദിക്കണം!

**എല്ലാവരും അദ്ഭുതപ്പെട്ടു.**

**തത്ക്ഷണം അവൻെറ വായ് തുറക്കപ്പെട്ടു.**

**നാവ് സ്വതന്ത്രമായി.**

**അവൻ ദൈവത്തെ വാഴ്ത്തി കൊണ്ട് സംസാരിക്കാൻ തുടങ്ങി.**

**കേട്ടവരെല്ലാം ഈ ശിശു ആരായിത്തീരും എന്നു ചിന്തിച്ചു തുടങ്ങി.**

**കർത്താവിൻെറ കരം അവനോടുകൂടെ ഉണ്ടായിരുന്നു.**

യുവത്വത്തിലെ പ്രാർത്ഥന വാർദ്ധിക്യത്തിലും സഖറിയ കാത്തുസൂക്ഷിക്കുന്നുണ്ടെങ്കിൽ അതിന് വേണ്ടി ചാലിച്ച് ചേർത്ത മരുന്നിന്റെ പേരാണ് "വിശ്വാസം!"

ദൈവം നൽകുന്ന ദാനങ്ങളെ ദൈവത്തിന്റെ പേരിൽ അറിയപ്പെടാൻ അനുവദിക്കുമ്പോൾ സംഭവിക്കുന്ന അൽഭുതത്തിന്റെ പര്യായമാണ് സഖറിയ ഏലിശ്വാ ദമ്പതികൾ. ഏദനിൽ വച്ച് ആദത്തെയും ഹവ്വയെയും സൃഷ്ടിച്ചതിന് ശേഷം ദൈവം അവർക്ക് നൽകുന്ന കൽപനയും അനുഗ്രഹവും "മക്കളുണ്ടായി പെരുകി ഭൂമിയെ കീഴടക്കുക" (ഉൽപ്പ 3,16) എന്നതാണ്. ജലപ്രളയത്തിലൂടെ പാപം ചെയ്ത ജനതതിയെ നശിപ്പിച്ചതിന് ശേഷം നോഹയ്ക്ക് ദൈവം നൽകുന്ന അനുഗ്രഹവും കൽപനയും ഇതിൽ നിന്നും വിഭിന്നമല്ല. "ദൈവം പറഞ്ഞു: സന്താന പുഷ്ടിയുണ്ടായി, പെരുകി, ഭൂമിയിൽ നിറയുവിൻ" (ഉൽപ്പ 9,1).

എങ്കിൽ, ദൈവീക പദ്ധതിക്കനുസരിച്ച് കുഞ്ഞുങ്ങളെ ജനിപ്പിക്കുക എന്നതും ദൈവീക പദ്ധതിക്കനുസരിച്ച് കുഞ്ഞുങ്ങളെ വളർത്തുക എന്നതും മാതാപിതാക്കളുടെ പ്രഥമവും പ്രധാനപ്പെട്ടതുമായ കടമയും കർത്ത്യവ്യവുമാണ്. എന്നാൽ, സഖറിയ ഏലീശ്വാ ദമ്പതികളെ സംബന്ധിച്ചിടത്തോളം ഇപ്രകാരമുള്ള ദൈവീക പദ്ധതിയിൽ പങ്കാളികളാകാൻ സാധിക്കാതെ ജീവിതത്തെ മന്നോട്ട് നയിച്ചവരായിരുന്നു. അതുകൊണ്ട് തന്നെ, ഇസ്രായേൽ ജനത്തിന്റെ മുമ്പിൽ സഖറിയ ഏലീശ്വാ ദമ്പതികൾ ദൈവകോപത്തിനും ദൈവശാപത്തിനും കാരണമായിരുന്നവരായിരുന്നു. തങ്ങളെ ഈ വലിയ ശാപത്തിൽ നിന്നും കോപത്തിൽ നിന്നും മോചിപ്പിക്കണമെന്നും ഒരു കുഞ്ഞിനെ സമ്മാനിക്കണമെന്നും അവർ ദൈവത്തോട് നിരന്തരം പ്രാർത്ഥിക്കുമായിരുന്നു.

പക്ഷെ, അൽഭുതം എന്ന് പറയുന്നത്, തങ്ങളുടെ യുവത്വത്തിലെ പ്രാർത്ഥന വാർദ്ധിക്യം വരെ സഖറിയ ഏലീശ്വാ ദമ്പതികൾ ജപമണികളാക്കി എന്നുള്ളതാണ്. ഇതാണ് വിശ്വാസം! ഇന്ന് പ്രാർത്ഥിച്ച്, നാളെ അനുഗ്രഹം വാങ്ങിക്കുന്നതല്ല വിശ്വാസം. മറിച്ച്, ദൈവം മനസാകുന്നത് വരെ പ്രാർത്ഥനയിൽ മടുപ്പ് തോന്നാതെ അനുഗ്രഹങ്ങൾ സ്വന്തമാക്കുക എന്നുള്ളതാണ് വിശ്വാസം. ഇന്ന്, പലപ്പോഴും അനുഗ്രഹങ്ങൾ നമുക്ക് അന്യം നിൽക്കുന്നുണ്ടെങ്കിൽ അതിനുള്ള കാരണം യുത്വത്തിലെ പ്രാർത്ഥന വാർദ്ധിക്യം വരെ കാത്തുസൂക്ഷിക്കാൻ കഴിയാത്തതാണ്.

ഒരു ജോലിയും ഇല്ലാതെ കറങ്ങി നടന്ന മത്തായിക്ക്, ഒരു ജോലി ആകട്ടെ എന്ന് കരുതിയാണ് മത്തായിയുടെ അമ്മ പള്ളീൽ അച്ചന്റെ കാലു പിടിച്ചു മത്തായിക്ക് പള്ളി പെയിന്റ് അടിക്കാൻ ഉള്ള പണി വാങ്ങി കൊടുത്തത്.

അച്ചന് ഒരു നിർബന്ധമേ ഉണ്ടായിരുന്നുള്ളൂ, കടുത്ത വിശ്വാസിയും, ദൈവഭയവും ഉള്ളവൻ ആയിരിക്കണം പള്ളിക്ക് പെയിന്റ് അടിക്കുന്നത്. എന്നാലെ, പെയിന്റ് അടിക്കു ഒരു ഇത് വരൂ എന്നാണ് അച്ചന്റെ വിചാരം.

അച്ചൻ ആവശ്യപെട്ട യോഗ്യതകൾ എല്ലാം ഉണ്ടെന്ന് മത്തായിയുടെ അമ്മ ആണയിട്ടു പറഞ്ഞത് കൊണ്ട്, അച്ചൻ മത്തായിയെ ജോലി ഏൽപ്പിച്ചു.

മൂന്നാം നാൾ അച്ചൻ മത്തായിയോടു കുശലാന്വേഷണം നടത്തിയപ്പോൾ അച്ചൻ ചോദിച്ചു, "എന്താ മത്തായി പെയിന്റ് അടിച്ചു കഴിഞ്ഞോ?"

മത്തായി തിരിച്ച് മറുപടി പറഞ്ഞു, "കഴിഞ്ഞു അച്ചോ , ഇനി ആ പള്ളിടെ മുകളിൽ വച്ചിട്ടുള്ള മദാമ്മക്കും അവരുടെ കയ്യിൽ ഇരിക്കുന്ന കൊച്ചിനും കൂടിയേ അടിക്കാൻ ബാക്കിയുള്ളൂ."

മത്തായിയുടെ മറുപടി കേട്ട് അച്ചൻ അന്തം വിട്ട് തരിച്ച് നിൽകുകയാണ്... മദാമയും അരുടെ കൈയിൽ ഇരിക്കുന്ന കൊച്ചും....

ഇന്ന് പലപ്പോഴും നാം മത്തായിമാരെപ്പോലെയാണ്. കഥയാറിയാതെ ആട്ടം കാണുന്നത് പോലെയാണ് നമ്മുടെ വിശ്വാസം. എന്നിട്ട്, പരാതിയും പരിഭവവും, 'ദൈവം എന്റെ മാത്രം പ്രാർത്ഥന കേൾക്കുന്നില്ല... ദൈവം എന്റെ പ്രാർത്ഥനയ്ക്ക് മുമ്പിൽ കണ്ണുകൾ അടയ്ക്കുന്നു... എന്റെ പ്രാർത്ഥനകൾക്ക് മുമ്പിൽ ദൈവം മുഖം തിരിച്ച് കളയുന്നു... എന്നുള്ള പരാതികളും. ഇവിടെ, സഖറിയ ഏലിശ്വാ ദമ്പതികൾ വലിയ മാതൃക കാണിച്ച് തരുന്നു, "വിശ്വാസത്തോട് കൂടിയുള്ള യുവത്വത്തിലെ പ്രാർത്ഥന വാർദ്ധിക്യം വരെ കാത്തു സൂക്ഷിച്ച്." അത് സഖറിയ ഏലീശ്വാ ദമ്പതികൾക്ക് സ്നാപകയോഹന്നാന്റെ ജനനത്തിലൂടെ നീതിയായ് ഭവിക്കുകയും ചെയ്യുന്നു.

> പേറുന്ന ബന്ധനത്തിൽ നിന്ന് മോചിതനാകാൻ സഖറിയ പഠിപ്പിച്ച് തരുന്ന സൂത്രം "ദൈവഹിതം പൂർത്തിയാക്കുക" എന്നതാണ്...

എലിസബത്തിന്റെ ദുഃഖകരമായ വന്ധ്യതയിൽ ദൈവം സ്പർശിച്ചപ്പോൾ അത് വലിയ സന്തോഷത്തിന് കാരണമായി ഭവിക്കുന്നു. ആ സന്തോഷം എലിസബത്തിന്റേയോ സഖറിയായുടെയോ മാത്രം വ്യാക്തിപരമായ സന്തോഷമല്ല. മറിച്ച്, സ്നാപകയോഹന്നാന്റെ ജനനം കുന്നിൻ ചെരുവിലെ സകല ജനങ്ങളുടെയും സന്തോഷത്തിന് കാരണമായി ഭവിക്കുന്നു. "എലിസബത്തിനു പ്രസവസമയമായി; അവൾ ഒരു പുത്രനെ പ്രസവിച്ചു. കർത്താവ് അവളോടു വലിയ കാരുണ്യം കാണിച്ചിരിക്കുന്നു എന്നു കേട്ട അയൽക്കാരും ബന്ധുക്കളും അവളോടൊത്തു സന്തോഷിച്ചു" (ലൂക്കാ 1,57 - 58). എങ്കിൽ, മംഗളവാർത്ത നൽകുന്ന വലിയ സന്ദേശം "ദൈവത്തോടൊത്തു സന്തോഷിക്കാൻ പഠിക്കുക" എന്നുള്ളതാണ്.

എട്ടാംദിവസം സഖറിയായും എലിസബത്തും ബന്ധുക്കളും അയൽക്കാരും ശിശുവിൻെറ പരിച്ഛേദനത്തിനുവേണ്ടി ഒരുമിച്ച് കൂടി. കാരണം, യഹൂദരെ സംബന്ധിച്ചിടത്തോളം കുഞ്ഞിന് പേരിടുക എന്നുള്ളത് വലിയ കർമമാണ്. പിതാവിൻെറ പേരനുസരിച്ച് "സഖറിയാ" എന്ന് കുഞ്ഞിന് പേരു നൽകാൻ അവർ ആഗ്രഹിച്ചു. പക്ഷെ, ശിശുവിൻെറ അമ്മ അവരോടു പറഞ്ഞു: അങ്ങനെയല്ല, അവൻ "യോഹന്നാൻ" എന്നു വിളിക്കപ്പെടണം. തൽക്ഷണം, ബന്ധുക്കളും അയൽക്കാരും അവളോടു പറയുകയാണ്, "നിൻെറ ബന്ധുക്കളിലാർക്കും ഈ പേര് ഇല്ലല്ലോ."

ഒരിക്കലും ചരിത്രത്തിൽ സംഭവിക്കാൻ പാടിലാത്തതാണ് സംഭവിക്കാൻ പോകുന്നത്. അതുകൊണ്ട് അവർ ഒരു തിരുമാനത്തിലെത്തി. ശിശുവിന് എന്ത് പേരു നൽകാനാണ് ആഗ്രഹിക്കുന്നതെന്ന് അവൻെറ പിതാവിനോട് അവർ ആംഗ്യം കാണിച്ചു ചോദിച്ചു. പക്ഷെ, അവിടെയാണ് ദൈവം അൽഭുതം ഒരുക്കി വച്ചിരുന്നത്. സഖറിയ ഒരു എഴുത്തുപലക വരുത്തി അതിൽ കുഞ്ഞന്റെ പേർ എഴുതി "യോഹന്നാൻ" എന്നാണ് അവൻെറ പേര്. എല്ലാവരും അദ്‌ഭുതപ്പെട്ടു. തത്ക്ഷണം അവൻെറ വായ് തുറക്കപ്പെട്ടു. നാവ് സ്വതന്ത്രമായി. അവൻ ദൈവത്തെ വാഴ്ത്തിക്കൊണ്ട് സംസാരിക്കാൻ തുടങ്ങി.

ദൈവം ദാനമായി നൽകിയതിനെ ദൈവത്തിന്റെ പേരിൽ അറിയപ്പെടാൻ സഖറിയ

ഏലീശ്വാ ദമ്പതികൾ വിട്ടുകൊടുക്കുകയാണ്. യോഹന്നാൻ എന്ന പേരിന്റെ അർത്ഥം "ദൈവം കരുണയുള്ളവനാണ്" എന്നാണ്. സഖറിയ ഏലീശ്വാ ദമ്പതികളുടെ മേൽ കർത്താവിന് ഇതിനേക്കാൾ വലിയ കരുണ ചൊരിയാനില്ല. യുവത്വത്തിലെ പ്രാർത്ഥന വാർദ്ധിക്യം വരെ അധരത്തിലെ ജപത്തോടൊപ്പം ഹൃദയത്തിലെ വിശ്വാസമായി കാത്തുസൂക്ഷിച്ചപ്പോൾ ദൈവം സഖറിയ ഏലീശ്വാ ദമ്പതികളുടെ നേരെ തന്റെ കരുണയുടെ വാതിൽ തുറക്കുകയാണ്.

യോഹന്നാൻ... ഒരു കുഞ്ഞിന് നൽകാൻ ഇതിനേക്കാൾ നല്ല ഒരു പേരുണ്ടോ? ഒരു കുഞ്ഞും നമ്മുടെ സ്വന്തമല്ല. ദൈവത്തിന്റെ ദാനമാണ്. ഒരു കുഞ്ഞും നമ്മുടെ വിയർപ്പല്ല. മറിച്ച്, ദൈവത്തിന്റെ കരുണയാണ്. കാരണം, ഓരോ കുഞ്ഞും നമ്മുടെ വിയർപ്പായിരുന്നെങ്കിൽ വിവാഹബന്ധത്തിലൂടെ ഒന്നാകുന്ന എല്ലാവർക്കും കുഞ്ഞുങ്ങളുണ്ടാകുമായിരുന്നു. വിവാഹത്തിന് ശേഷം നീണ്ട 15 ഉം 20 ഉം വർഷങ്ങൾക്ക് ശേഷം കുഞ്ഞുങ്ങളുണ്ടാകുന്ന ഒരു ദമ്പതികളും പറഞ്ഞ് കേട്ടിട്ടില്ല, ഇത് ഞങ്ങളുടെ കുഞ്ഞാണെന്ന്. മറിച്ച്, കേട്ടിട്ടുള്ളത് "ഇത് ദൈവം തന്ന കുഞ്ഞാണെന്നാണ്..."

എങ്കിൽ, കുഞ്ഞിന്റെ പേരിടൽ കർമ്മം വലിയ കർമ്മം തന്നെയാണ്. ദൈവം കാരുണ്യമായ് നൽകുന്ന കുഞ്ഞിന് ഞാൻ ഇട്ടിരിക്കുന്ന പേരെന്താണ്? വളരെ രസകരമായ ഒരു പേരിടൽ കേട്ടിട്ടുണ്ട്. അച്ചന്റെ പേര് 'കൃഷ്ണൻകുട്ടി.' അമ്മയുടെ പേര് 'മിനി.' അച്ചന്റെ പേരിലെ ആദ്യാക്ഷരമായ 'കൃ'യും അമ്മയുടെ പേരിലെ ആദ്യാക്ഷരമായ 'മി'യും കൂട്ടി കുഞ്ഞിന്റെ പേര് "കൃമി."

മത്തായി ചേട്ടൻ പുതിയ ഓട്ടോറിക്ഷ വാങ്ങിച്ചു. ആറ്റു നോറ്റ് ഉണ്ടായ പുതിയ ഓട്ടോറിക്ഷയ്ക്ക് മത്തായി ചേട്ടൻ പേരിട്ടു, "ഹായ് സുന്ദരി..." പേരിട്ട് ഒരാഴ്ച്ച കഴിഞ്ഞില്ല വെറുതെ കിടന്നിരുന്ന ഓട്ടോയിൽ ഒരു ടിപ്പർ ലോറി വന്നിടിച്ചു. ഒരു മാസത്തിന് ശേഷം വണ്ടി വർക്കുഷോപ്പിൽ നിന്ന് ഇറക്കിയപ്പോൾ വണ്ടിയുടെ പേരിൽ ഒരു മാറ്റം, "വി.ഗീവർഗ്ഗീസ്..."

ജീവിതത്തിൽ സംഭവിക്കുന്ന അസാധാരണ കാര്യങ്ങളെ യാദൃശ്ചികം എന്ന് വിളിച്ച് തള്ളി കളയരുത്. അതിന്റെ പുറകിൽ ദൈവത്തിന്റെ കരുണയുള്ള കരങ്ങളെ തിരിച്ചറിയാൻ സാധിക്കണം. ഒപ്പം, ദൈവം ജീവിത്തിൽ കാണിക്കുന്ന വലിയ കാരുണ്യങ്ങളെ എപ്പോഴും അനുസ്മരിക്കുകയും വേണം.

***"ദൈവം സഖറിയാ ഏലീശ്വ ദമ്പതികളുടെ ജീവിതത്തിൽ കാണിച്ച വലിയ കാരുണ്യത്തെ സഖറിയ അനുസ്മരിച്ചപ്പോൾ അവന്റെ ജീവിതത്തിലെ ബന്ധനങ്ങൾ അഴിഞ്ഞുപോയി!"***

പേര് സാക്ഷ്യത്തിനുള്ള അവസരമാണ്... പേര് സ്വഭാവത്തെ, പ്രകൃതിയെ സൂചിപ്പിക്കുന്നവയായിരിക്കണം. ആത്മപരിശോധന ചെയ്യുക, "എന്റെ പേരിന്റെ അർത്ഥം?"

.....................................................................................................

ഫാ. ജോബി മെനോത്ത് : +91 944 7777 931